## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3123** **20/6/2014** ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജിൽ തടസ്സമായി നിൽക്കുന്ന പ്രശ്നം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകരയിലെ പാടശേഖരങ്ങുടെ സംരക്ഷണത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ് ; | (എ) & (ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകരയിലെ പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി ഭരണാനുമതി ലഭിച്ച പ്രവർത്തികൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇതിൽ ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്ന് പറയാമോ ; | പ്രവർത്തികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. |
| (സി) ടെൻഡർ ചെയ്തതും ടെൻഡർ ചെയ്യാനുള്ളതുമായ പ്രവർത്തനങ്ങൾ ഏതൊക്കെ ; | (സി) ഭരണാനുമതി ലഭിച്ചിട്ടുള്ള 12 വാട്ടർ ഷെഡുകളിൽ 10 വാട്ടർ ഷെഡുകളുടെ പ്രവൃത്തികൾ ടെണ്ടറും റീടെണ്ടറും ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള 2 വാട്ടർ ഷെഡുകൾ കരിപ്പുഴ വാട്ടർ ഷെഡ് 18 ഉപ വിഭാഗങ്ങളായി തിരിച്ച് സാങ്കേതിക അനുമതി നൽകി ദർഘാസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കരിങ്ങാലിച്ചാൽ വാട്ടർഷെഡ് 16 ഉപവിഭാഗങ്ങളായി തിരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) ടെൻഡർ ചെയ്തിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് ; | (ഡി) ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടറുകൾക്ക് അംഗീകാരം ലഭിക്കുവാനുണ്ടായ കാലതാമസം പ്രവൃത്തികൾ ആരംഭിക്കുവാൻ ഉണ്ടായ തടസ്സങ്ങളിൽ മുഖ്യമാണ്. ആദ്യടെണ്ടറിൽ |

| | |
|---|---|
| | കരാറുകാരിൽ നിന്ന് മതിയായ പ്രതികരണം ലഭിക്കാത്തതും കാലതാമസത്തിന് ഒരു കാരണമാണ്. കരാറുകാരിൽ നിന്ന് യാതൊരു പ്രതികരണവും ഇല്ലാതിരുന്ന പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുകയും ചെറിയ യൂണിറ്റുകളായി തിരിച്ച് റീ ടെണ്ടർ ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചു. |
| (ഇ) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഇ) 20/12/2013 ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റീ ടെണ്ടറിലും പ്രതികരണമില്ലാത്ത പാടശേഖരങ്ങളുടെ പ്രവൃത്തികൾ പാടശേഖര സമിതി മുഖേന ചെയ്യുവാനുള്ള നടപടി പുരോഗമിക്കുന്നു. ഓണാട്ടുകരയിലെ 12 നീർത്തടങ്ങളിൽ 11 നീർത്തടങ്ങളുടെ ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു. ഇതിന്റെ തുടർനടപടികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള നീർത്തടത്തിന്റെ എസ്റ്റിമേറ്റ് ടെണ്ടർ ചെയ്യാനുള്ള സൗകര്യത്തിനായി ചെറു നീർത്തടങ്ങളായി വിഭജിച്ച് ടെണ്ടർ ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**